# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2045 — 07.03.2017 — ൽ മറുപടിക്ക്

## റേഷൻ വിതരണത്തിലെ അപാകതകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ. രാജേഷ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റേഷൻ വിതരണത്തിലെ അപാകതകൾ നീക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കി. 3.34 കോടി ജനങ്ങൾ ഉള്ളതിൽ കേരളത്തിൽ 1.54 കോടി ഗുണഭോക്താക്കൾ മുൻഗണനാ പട്ടികയിൽ അർഹത നേടിയിട്ടുണ്ട്. മറ്റുള്ളവർ മുൻഗണനേതര പട്ടികയിൽ ഉൾപ്പെടുന്നതാണ്. റേഷൻ സാധനങ്ങളുടെ പ്രതിമാസ വിതരണതോത്, വിലവിവരം എന്നിവ എല്ലാ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും പരസ്യപ്പെടുത്തുകയും പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ഈ വിവരങ്ങൾ ലഭ്യമാണ്. ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചു കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതോടുകൂടി റേഷൻ വിതരണം തികച്ചും സുതാര്യമാകും. |

(ബി) 2011 മുതൽ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അരിയുടെ കണക്ക് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ?

(ബി)

| | അനുവദിച്ച അരിയുടെ അളവ് (ടൺ) | | |
|---|---|---|---|
| | നോർമൽ ക്വാട്ട | അഡ്ഹോക്ക് ക്വാട്ട | ആകെ |
| 2011-12 | 1001724 | 275145.6 | 1276869.6 |
| 2012-13 | 1001724 | 403199 | 1404923 |
| 2013-14 | 1001724 | 270476 | 1272200 |
| 2014-15 | 1001724 | 344939 | 1346663 |
| 2015-16 | 1001724 | 270480 | 1272204 |
| 2016-17 | 1088754.256 | 67620 | 1156374.256 |

സെക്ഷൻ ഓഫീസർ